**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6702** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണെന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട് . ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നു. ടൂറിസ്റ്റുകൾ ധാരാളമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി , 'ക്ലീൻ ഡെസ്റ്റിനേഷൻ' എന്ന പദ്ധതി വഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട് . ഇതിനു പുറമെ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ - അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളിൽ ശേഖരിച്ച് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ് (Material Collection Facility) ൽ എത്തിച്ചു നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു . ഇതു പ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . കൂടാതെ ഇടുക്കി ജില്ലയിലെ 14 വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും , നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള ദേശീയ പാതയോരങ്ങളിലേയും മാലിന്യ നിർമ്മാർജ്ജനം ഇടുക്കി ഡി .ടി .പി .സി നടപ്പാക്കി വരുന്നുണ്ട് .<br><br>ടൂറിസം മേഖല മാലിന്യ വിമുക്തമാക്കുന്നതിനും ടൂറിസം കേന്ദ്രങ്ങളെ ഗ്രീൻ സർട്ടിഫിക്കേഷനിലേക്ക് കൊണ്ട് വരുന്നതിനുമായുള്ള പ്രവർത്തനങ്ങൾ പടി പടിയായി ഉത്തരവാദിത്ത ടൂറിസം മിഷനും നടത്തി വരുന്നു . ഇതിന്റെ ഭാഗമായി അക്കോമ്മൊഡേഷൻ യൂണിറ്റുകളിലെ 19 മുതൽ 21 വരെ ഇനം സിംഗിൾ |

| | | | |
|---|---|---|---|
| | | | യൂസ് പ്ലാസ്റ്റിക് ഒഴിവാക്കികൊണ്ടുള്ള പ്ലാസ്റ്റിക് ഫ്രീ ഡിക്ലറേഷൻ ക്യാമ്പയിൻ നടത്തിയിട്ടുണ്ട് . പാരിസ്ഥിതിക ഉത്തരവാദിത്വത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള ഉത്തരവാദിത്ത ടൂറിസം ക്ലാസ്സിഫിക്കേഷൻ ആരംഭിച്ചു. യു എൻ ഡിപി , ഹരിത കേരള മിഷൻ എന്നിവരുമായി ചേർന്ന് മൂന്നാർ കേന്ദ്രീകരിച്ചുള്ള മൗണ്ടൻ ടൂറിസം കേന്ദ്രങ്ങൾക്കുള്ള ഉത്തരവാദിത്ത ടൂറിസം പ്രോട്ടോകോൾ തയ്യാറാക്കിയിട്ടുണ്ട് . ഓരോ തരം ടൂറിസം കേന്ദ്രങ്ങൾക്കുമായുള്ള പ്രത്യേക ഉത്തരവാദിത്ത ടൂറിസം പ്രോട്ടോക്കോൾ ഉത്തരവാദിത്ത ടൂറിസം മിഷൻ തയ്യാറാക്കുന്നുണ്ട് . |
| (ബി) | ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തിയിട്ടില്ലാത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഇത് അടിയന്തരമായി നടപ്പിലാക്കുമോ; വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ് . |
| (സി) | വിനോദസഞ്ചാര മേഖലയിലെ മാലിന്യ നിക്ഷേപവും പ്ലാസ്റ്റിക്കിന്റെ ഉപയോഗവും തടയുന്നതിന് സ്ഥിരം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (സി) | വിനോദസഞ്ചാര വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മേഖലയിൽ മാലിന്യ നിക്ഷേപവും പ്ലാസ്റ്റിക്കിന്റെ ഉപയോഗവും തടയുന്നതിന് സ്ഥിരം നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിശോധിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ